പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2029 13.06.2019 ൽ മറുപടിക്ക്

## ആരോഗ്യ ഇൻഷുറൻസ് രജിസ്ട്രേഷൻ

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആരോഗ്യ ഇൻഷുറൻസ് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും പുതുക്കുന്നതിനായി ഉപഭോക്താക്കൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ; ഈ വിവരങ്ങൾ പൊതുജനങ്ങളെ എങ്ങനെയാണ് അറിയിച്ചതെന്ന് വിശദമാക്കുമോ? | (എ) | ആരോഗ്യ ഇൻഷുറൻസ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നിലവിൽ വന്ന 2019 ഏപ്രിൽ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഇൻഷുറൻസ് സേവന ദാതാവായ റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനിയെ ചുമതലപെടുത്തിയിട്ടുള്ളതാണ്.<br><br>നടപ്പ് സാമ്പത്തിക വർഷം ആർ എസ് ബി വൈ/ചിസ് (RSBY/CHIS) ആരോഗ്യ ഇൻഷുറൻസ് പദ്ധതി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയായി മാറുന്നതിനാൽ പുതുക്കാനായി വരുന്നവർ നിലവിലെ ആർ എസ് ബി വൈ/ചിസ് കാർഡോ, ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡ പ്രകാരം സാമൂഹിക സാമ്പത്തിക സെൻസസ് 2011 പ്രകാരം ദുർബല വിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖ ഉള്ളവർക്കോ വ്യക്തിയുടെ ആധാർ കാർഡ്, കുടുംബത്തിന്റെ റേഷൻ കാർഡ് എന്നിവയുമായി പദ്ധതിക്കായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ എന്നിവിടങ്ങളിൽ സജീകരിച്ച പുതുക്കൽ കേന്ദ്രങ്ങളിൽ ഒരു കുടുംബത്തിനു പുതുക്കൽ ഫീസ് ആയി നിശ്ചയിച്ച അമ്പതു രൂപ നൽകി പുതുക്കാവുന്നതാണ്.<br><br>പത്രമാധ്യമങ്ങൾ വഴിയും, കുടുംബശ്രീ പ്രവർത്തകർ വഴി വീട് തോറും അറിയിപ്പ് നൽകിയും, പഞ്ചായത്ത് തലത്തിൽ അറിയിപ്പ് നൽകിയുമാണ് പൊതുജനങ്ങളിലേക്കു കാർഡ് പുതുക്കുന്നത് സംബന്ധിച്ച വിവരം എത്തിക്കുന്നത്. |

| | | | |
|---|---|---|---|
| (ബി) | വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ പല സെന്ററുകളിലും ഈ പ്രക്രിയ തുടങ്ങിയതുകാരണം കിടപ്പിലായ രോഗികൾ ഉൾപ്പെടെയുള്ള വൃദ്ധജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മണിക്കൂറുകൾ നീണ്ട ക്യൂവിൽ നിന്നശേഷം രജിസ്ട്രേഷൻ പുതുക്കാനാകാതെ പലരും തിരികെ പോകുന്നത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നത്; | (ബി) | പുതുക്കൽ കേന്ദ്രങ്ങളിൽ ആവശ്യമായ ഒരുക്കത്തിന് ശേഷമാണ് പ്രസ്തുത കേന്ദ്രം പ്രവർത്തനം തുടങ്ങുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പദ്ധതി പുതുക്കുന്ന പ്രക്രിയ ചെയ്യുന്നത്. എന്നാൽ ഈ സോഫ്റ്റ്‌വെയർ പലതവണ പ്രവർത്തനം നിലയ്ക്കുന്ന അവസ്ഥ പുതുക്കൽ പ്രക്രിയയുടെ ആരംഭഘട്ടത്തിൽ സംഭവിച്ചതിനാൽ ഇതു ജനങ്ങൾക്കു ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതു ഒഴിവാക്കുന്നതിനായി ടോക്കൺ സംവിധാനവും കിടപ്പിലായ രോഗികൾക്കു ആവശ്യപ്പെടുന്നതനുസരിച്ച് അവരുടെ വീടുകളിൽ പോയി പുതുക്കി നൽകുന്നതിനുള്ള സംവിധാനവും സജ്ജീകരിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ആശുപത്രികളിൽ അത്യാവശ്യമായി ചികിത്സ ലഭിക്കേണ്ടവർക്കായി പുതുക്കൽ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമാണ്. മാത്രമല്ല കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‌വെയർ കൂടുതൽ കരുത്തുറ്റതാകാനുള്ള നിർദേശം നൽകുകയും സമയാസമയം ആവശ്യമായ മാറ്റങ്ങൾ സോഫ്റ്റ്‌വെയറിൽ വരുത്താൻ സംസ്ഥാന പദ്ധതി നിർവഹണ ഏജൻസിയായ ചിയാക് നിർദ്ദേശം നൽകുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നു. |
| (സി) | രജിസ്ട്രേഷൻ നടപടികൾ പുതുക്കുന്നതിലെ പരാതികൾ പരിഹരിക്കാൻ ജില്ലാടിസ്ഥാനത്തിൽ ഹെൽപ് ഡെസ്ക് രൂപീകരിക്കുമോ? | (സി) | ജില്ലാ അടിസ്ഥാനത്തിലുള്ള പരാതികൾ പരിഹരിക്കാൻ ടോൾ ഫ്രീ നമ്പറുകൾ എല്ലാ പുതുക്കൽ കേന്ദ്രങ്ങളിലും പ്രദർശിപ്പിക്കുകയും പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിനായി സർക്കാരിന്റെ പദ്ധതിയുടെ നിർവഹണ ഏജൻസിയായ ചിയാക്കിന്റെ ജില്ലാ പ്രൊജക്റ്റ് മാനേജർമാരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ